ഉപഭോക്താക്കൾക്ക് ലഭ്യമാകാതിരിക്കുകയാണ്. സൗജന്യമായിട്ടുള്ള ഫാറം വിതരണത്തിൽ കാണിക്കുന്ന രാഷ്ട്രീയ പക്ഷപാതത്തിനു പുറമെ സാമ്പത്തിക തട്ടിപ്പും പരക്കെ നടക്കുകയാണ്. അവിടെ സന്നദ്ധ സംഘടനകളെ മുഖേനയാണ് ഈ പരിപാടി നടപ്പിലാക്കുന്നതെന്ന് പ്രഖ്യാപിച്ചു. 6500 ഫാറങ്ങളാണ് വിതരണം ചെയ്തു കഴിഞ്ഞതിൽ സന്നദ്ധ സംഘടനകൾക്ക് പലതിനും കൊടുത്തിരുന്നില്ല. യൂത്ത് ലീഗുകാരുടെ സന്നദ്ധസംഘടനകൾക്കും വികാരി അച്ചൻമാരുടെ സന്നദ്ധ സംഘടനകൾക്കും കൊടുത്തു. മുകേരി ഗവൺമെന്റ് കോളേജ് നാഷണൽ സർവീസ് സ്കീം യൂണിറ്റ് 100 വീട് കഴിഞ്ഞ പ്രാവശ്യമുണ്ടാക്കിയതാണ്. അവർക്ക് ഒരു ഫാറം പോലും കൊടുത്തിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് മാന്യനായ ഒരു മന്ത്രിയാണ്, ഈ ഫാറം വിതരണത്തിൽ കാണിക്കുന്ന സാമ്പത്തികമായ തട്ടിപ്പ് അങ്ങേക്ക് ഭൂഷണമല്ല. ഭരണകക്ഷിയിലുള്ള ഒരു നേതാവ് 500 ഫാറം കൊണ്ടുപോയിട്ട് 100-ഉം 200-ഉം രൂപയ്ക്ക് വിൽപന നടത്തിയിരുന്നതായി ഞാൻ ഉത്തരവാദിത്വബോധത്തോടുകൂടി പറയുകയാണ്. ഇത് ഖേദകരമാണ്. ഈ ഫാറം വിതരണ കാര്യത്തിൽ അത് യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാക്കണം. അത് ലഭിക്കുന്നില്ലായെന്നുള്ള കാര്യം ഞാൻ ഉത്തരവാദിത്വബോധത്തോടുകൂടി പറയുകയാണ്. ഇതുവരെ നടന്നിട്ടുള്ള ഫാറം വിതരണത്തിൽ കാണിക്കുന്ന രാഷ്ട്രീയ പക്ഷപാതവും സാമ്പത്തിക തട്ടിപ്പും അവസാനിപ്പിച്ചുകൊണ്ട് യഥാർത്ഥമായിട്ടുള്ള സംഘടനകൾ മുഖേന ഈ ഫാറം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. ഫാറം വിതരണം ചെയ്തിട്ട് അത് ഇതുവരെ സ്വീകരിക്കാൻ തുടങ്ങിയിട്ടില്ല. അത് എപ്പോൾ സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി ഈ സഭാ വേദിയിൽ പ്രസ്താവിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഈ കാര്യത്തിൽ ഗവൺമെന്റിന് സന്തോഷമുണ്ട്. കഴിഞ്ഞ വർഷം ഈ പദ്ധതി ഏറ്റെടുത്തപ്പോൾ കോഴിക്കോട് ജില്ലയ്ക്ക് 10,000 വീടുകൾ കൊടുക്കാമെന്ന് പറഞ്ഞിട്ട് രണ്ടു മാസം സമയം എക്സ്റ്റൻഷൻ കൊടുത്തതിനു ശേഷമാണ് എണ്ണം തികഞ്ഞത്. ഇത്തവണ ഫാറം വിതരണം നടത്തുന്ന സമയത്തുതന്നെ കളക്ടർ പറഞ്ഞത് ഒരു ലക്ഷം ഫാറത്തിന്റെ കിലും ഡിമാൻഡ് വന്നിരിക്കുന്നുവെന്നാണ്. കഴിഞ്ഞ വർഷം നടപ്പാക്കിയ പദ്ധതി അത്ര വിജയകരമായിരുന്നതുകൊണ്ടാണ് ഈ ആവശ്യം വന്നിരിക്കുന്നത്. ഏതായാലും യാതൊരു വിധമായ ഇടപെടലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ജില്ലാകളക്ടർമാരാണ് വിതരണം നടത്തിയത്. വില്ലേജ് ആഫീസുകളിലാണ് ഇത് ഏൽപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് വില്ലേജ് ആഫീസർമാർ വഴിയല്ലാതെ ചെയ്യുകയില്ല. അദ്ദേഹം ഉന്നയിച്ചത് ഒരു കോളേജിന്റെ കാര്യമാണ്. വിദ്യാർത്ഥികളുടെ എൻ.എസ്.എസ്. യൂണിറ്റുകൾക്ക് പ്രാധാന്യം കൊടുത്തിട്ടുണ്ട്. ഈ കോളേജ് എൻ.എസ്.എസ്. യൂണിറ്റിനു കൊടുക്കാനുള്ള ഏർപ്പാട് ചെയ്യാം. ഈ പരാതി ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(19) കോവളം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. എൻ. ശക്തൻ നാടാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പല പഞ്ചായത്തുകളിലും ഇന്ന് രൂക്ഷമായ ശുദ്ധജലക്ഷാമം

LIBRARY ARCHIVES Kerala Legislative Assembly

അനുഭവപ്പെടുകയാണ്. 2—3 കിലോമീറ്റർ വാഹനങ്ങളിൽ പോയി വീട്ടാവശ്യങ്ങൾക്ക് ശുദ്ധജലം കൊണ്ടുവരേണ്ട ഒരു സ്ഥിതിവിശേഷം ഇന്ന് ഈ നിയോജകമണ്ഡലത്തിലെ പല ഭാഗങ്ങളിലും നില നിൽക്കുകയാണ്. തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിൽനിന്ന് ഈ നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം, തിരുവല്ലം, കല്ലിയൂർ, വെങ്ങാനൂർ എന്നീ നാലു പഞ്ചായത്തുകൾക്ക് ജലം നൽകുന്നുണ്ട്. ഈ നാലു പഞ്ചായത്തുകളിലും ഭാഗികമായി മാത്രമാണ് ജലം നൽകുന്നത്. ഈ പ്രദേശങ്ങളിൽ ഇന്ന് അൽപം പോലും ജലം കിട്ടാത്ത ധാരാളം പ്രദേശങ്ങൾ നിലനിൽക്കുന്നതുകൊണ്ട് പൂർണ്ണമായും തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിൽനിന്ന് ഈ നാലു പഞ്ചായത്തുകളിലും വെള്ളം കൊടുക്കുന്നതിന് അടിയന്തിരമായി നടപടികളുണ്ടാകണം. കോട്ടുകാൽ, കരുംകുളം, പൂവാർ, കാഞ്ഞിരംകുളം എന്നീ പഞ്ചായത്തുകളിലും ഇന്ന് അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നടപടികളുണ്ടാകണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഗ്രേറ്റർ ട്രിവാൻഡ്രം വാട്ടർ സപ്ലൈയെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരത്തെ ജലവിതരണം ആഗ്മെന്റ് ചെയ്യാൻ വിവിധ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. എത്രയും വേഗം അതൊക്കെ പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികളും എടുത്തു വരികയാണ്.

(20) ബീഡിത്തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട്

ശ്രീ. സി. ടി. കൃഷ്ണൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിനുള്ള ബീഡിത്തൊഴിലാളികളുടെ ചില പ്രശ്നങ്ങളാണ് എനിക്ക് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ലക്ഷക്കണക്കിന് ബീഡിത്തൊഴിലാളികളിൽ നിന്നും പിടിച്ചെടുത്ത പ്രോവിഡന്റ് ഫണ്ടിനു ഇന്നുവരെ അവർക്ക് യാതൊരു രേഖയും കൊടുക്കുന്നില്ല. പാലക്കാട് ജില്ലയിൽ തന്നെ ആയിരക്കണക്കിനു തൊഴിലാളികൾ അഞ്ചാറു വർഷമായി അടയ്ക്കുന്ന പ്രോവിഡന്റ് ഫണ്ടിനു യാതൊരു രേഖയും അവർക്ക് കൊടുക്കുന്നില്ല. കോടിക്കണക്കിനു രൂപ ബീഡി മുതലാളിമാർ തൊഴിലാളികളുടെ കയ്യിൽനിന്ന് പിടിച്ച് തിരിമറി ചെയ്യുകയാണ്. ഇതിന് ഒരു പ്രോവിഡന്റ് ഫണ്ട് കമ്മീഷണറും ഒരു ഡിപ്പാർട്ടുമെന്റുമുണ്ട്. അവർ അവിടെ എന്തിനാണ് ഇരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ തരക്കേടില്ല. പാവപ്പെട്ട ബീഡിത്തൊഴിലാളികളിൽനിന്ന് പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ പിരിക്കുന്ന പൈസയ്ക്ക് അവർക്ക് യാതൊരു രേഖയും കൊടുക്കുന്നില്ല. അതുപോലെത്തന്നെ അവരുടെ കൂലിയെ സംബന്ധിച്ച് ഒരു ഏകീകൃത മിനിമം വേതനം വേണമെന്ന ആവശ്യം വളരെക്കാലമായി കേരളത്തിലെ ബീഡിത്തൊഴിലാളികളും പ്രതിനിധികളും ഉയർത്തുന്നതാണ്. കർണ്ണാടകത്തിലും, തമിഴ്നാട്ടിലും ചുരുങ്ങിയ കൂലിക്ക് ..... കൂലി ഏകീകരിക്കാത്തതുകൊണ്ട് വ്യവസായം ആകെ തകർച്ചയിലേക്ക് പോവുകയാണ്. ആവിടെ ഡി. എ. നടപ്പിലാക്കുന്നില്ല. അവർക്ക് ബോണസ് നടപ്പിലാക്കുന്നില്ല. പുകയിലയ്ക്ക് ചുമത്തിയിരിക്കുന്ന ഡ്യൂട്ടി ലേബലിലേക്കായി മാറിയതുകൊണ്ട് കോടിക്കണക്കിനു രൂപ കേന്ദ്ര ഗവൺമെന്റിനു നഷ്ടമാണ്. സുപ്രീം കോടതിയിൽ കേസ് പോയിട്ടാണ് തൊഴിലാളികൾ പി. എഫ്. നിയമം കൊണ്ടുവന്നത്. അതുകൊണ്ട് അവർക്ക് രേഖ കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly